**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1039** **10-08-2023 - ൽ മറുപടിയ്ക്ക്**

**വാമനപുരം മണ്ഡലത്തിലെ വന്യജീവി ആക്രമണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വന്യജീവി ആക്രമണം മൂലമുള്ള നഷ്ടപരിഹാരത്തിനായി വാമനപുരം മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ നിന്ന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ആയതിൻ പ്രകാരം എത്ര പേർക്ക് നഷ്ടപരിഹാരം നല്കിയിട്ടുണ്ടെന്നും പഞ്ചായത്ത് തിരിച്ച് വിവരം ലഭ്യമാക്കാമോ; | (എ) | തിരുവനന്തപുരം ഡിവിഷന്റെ പരിധിയിൽ വാമനപുരം നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ നിന്നും വന്യജീവി ആക്രമണം മൂലമുള്ള നഷ്ടപരിഹാരത്തിനായി ലഭ്യമായ അപേക്ഷകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.<br><br>മതിയായ രേഖകൾ ഉൾകൊള്ളിച്ച് സമർപ്പിച്ചിട്ടുള്ള അപേക്ഷകളെല്ലാം തീർപ്പാക്കിയിട്ടുള്ളതും, മറ്റുള്ളവയിൽ ആയവ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത കാലയളവിൽ വന്യമൃഗങ്ങൾ കൃഷി നശിപ്പിച്ചതിൻ പ്രകാരമുള്ള നഷ്ടപരിഹാരത്തിനായി എത്ര അപേക്ഷകൾ ലഭിച്ചുവെന്നും ആയതിന്മേൽ സ്വീകരിച്ച നടപടികൾ എന്താണെന്നും വിശദമാക്കാമോ? | (ബി) | പ്രസ്തുത കാലയളവിൽ ടി നിയോജക മണ്ഡലത്തിൽ നിന്നും വന്യമൃഗങ്ങൾ കൃഷി നശിപ്പിച്ചതുമായി ബന്ധപ്പെട്ട 180 അപേക്ഷകൾ ലഭിച്ചിട്ടുള്ളതും ആയതിൽ 95 അപേക്ഷകർക്ക് നഷ്ടപരിഹാരം അനുവദിച്ചിട്ടുള്ളതുമാണ്. മറ്റ് അപേക്ഷകളിൻമേൽ നടപടി സ്വീകരിച്ച് വരുകയുമാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| പഞ്ചായത്ത് | ലഭിച്ച അപേക്ഷകളുടെ എണ്ണം | നഷ്ടപരിഹാരം അനുവദിച്ചത് |
|---|---|---|
| ആനാട് | 1 | 1 |
| കല്ലറ | 12 | 2 |
| നന്ദിയോട് | 13 | 3 |
| നെല്ലനാട് | 5 | 0 |
| പനവൂർ | 3 | 1 |
| പാങ്ങോട് | 11 | 4 |
| പെരിങ്ങമല | 25 | 9 |
| പുല്ലൻപാറ | 6 | 0 |
| വാമനപുരം | 4 | 0 |
| **ആകെ** | **80** | **20** |